कॆनरा बैंक Canara Bank
Together We Can



# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ

## ഓഗസ്റ്റ് 2018

**ലക്കം: 08 / 2018**



ഞങ്ങളുടെ എല്ലാ എൻ ആർ ഐ ഇടപാടുകാർക്കും സ്വാതന്ത്ര്യദിന ആശംസകൾ!!






## ജൂൺ 2018ൽ അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ

**(എ)ലാഭം സംബന്ധിച്ച മാനദണ്ഡങ്ങൾ :**

- മൊത്തലാഭം 18.65% വർഷാ-വർഷ വർദ്ധനയോടു കൂടി 2472 കോടി രൂപയിൽ നിന്ന് (സാ.വ.18 ഒന്നാം പാദം) 2933 കോടി രൂപയായി ഉയർന്നു.
- ചെലവ് കഴിച്ചുള്ള ലാഭം 11.51% വർഷാ-വർഷ വർദ്ധനയോടു കൂടി 252 കോടി രൂപയിൽ നിന്ന് (സാ.വ.18 ഒന്നാം പാദം) 281 കോടി രൂപയായി ഉയർന്നു.
- പലിശയിനത്തിൽ അറ്റാദായം 43.13% വർദ്ധനയോടു കൂടി 2713 കോടി രൂപയിൽ നിന്ന് (സാ.വ.18 ഒന്നാം പാദം) 3833 കോടി രൂപയായി ഉയർന്നു (സാ.വ.19 ഒന്നാം പാദം)
- സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ വ്യാപാരലാഭം ഒഴിച്ച് പലിശേതര ആദായത്തിൽ 44.65% വർഷാ-വർഷ വർദ്ധന.

- എഴുതിത്തള്ളിയ കിട്ടാക്കടങ്ങൾ കൂടുതലായി തിരിച്ചു പിടിക്കുക വഴി (173% വർഷാ-വർഷ വർദ്ധന) സാ.വ. ഒന്നാം പാദത്തിൽ പലിശേതരയിനത്തിൽ ആദായം 1833 കോടി രൂപ.
- മൊത്തം ആദായത്തിൽ പലിശേതര ആദായത്തിന്റെ പങ്ക് 13.89%.ശതമാനമായി ഉയർന്നു.

**(ബി) ബിസിനസ്സ് സംബന്ധിച്ച മാനദണ്ഡങ്ങൾ :**

- ഗ്ലോബൽ ബിസിനസ്സ് 10.96% വർഷാ-വർഷ വർദ്ധനയോടു കൂടി 9.20 ലക്ഷം കോടിയായി ഉയർന്നു.
- ഗ്ലോബൽ നിക്ഷേപം 9.75% വർഷാ-വർഷ വർദ്ധനയോടു കൂടി 5.33 ലക്ഷം കോടി രൂപ.
- കാസാ നിക്ഷേപം 9.1% വർഷാ-വർഷ വർദ്ധനയോടു കൂടി 1.63 ലക്ഷം കോടി രൂപയായി.
- മൊത്തം നിക്ഷേപത്തിൽ കാസാ നിക്ഷേപത്തിന്റെ വിഹിതം 32.43%.
- തിരിച്ചടവ് കഴിച്ചുള്ള വായ്പാത്തുക 12.67% ആരോഗ്യകരമായ വളർച്ചയോടെ 3.86 ലക്ഷം കോടി രൂപ
- ആസ്തികളിൽ ശക്തമായ വർദ്ധന.(വർഷാ-വർഷം)
- കൃഷി (11.92%), തീരെ ചെറിയവ, ചെറുകിട-ഇടത്തരം ഉദ്യമങ്ങൾ (10.41%), ചില്ലറ വായ്പകൾ (36.22%),
- പ്രത്യക്ഷ ഭവന വായ്പകൾ (18.90%), വാഹന വായ്പകൾ (28.42%), വിദ്യാഭ്യാസം (9.42%)
- മറ്റ് വ്യക്തിഗത വായ്പകൾ (56.33%).

**(സി) കാര്യശേഷി സംബന്ധിച്ച മാനദണ്ഡങ്ങൾ :**

- നിക്ഷേപത്തുകയിന്മേലുള്ള ചെലവ് കഴിഞ്ഞ വർഷത്തെ 5.83 ശതമാനത്തിൽ നിന്ന് 34 ബേസിസ് പോയിന്റുകൾ താഴ്ന്ന് 5.49ശതമാനമായി .
- പലിശയുടെ മൊത്തം മാർജിൻ (ഗാർഹികം) 2.75ശതമാനവും ഗ്ലോബൽ മാർജിൻ 2.52 ശതമാനവും.
- വരവ്-ചെലവ് അനുപാതം 50.03ശതമാനത്തിൽ നിന്ന് 48.68 ശതമാനമായി കുറഞ്ഞു.
- വായ്പകളിൽ നിന്നുള്ള വരുമാനം കഴിഞ്ഞ പാദത്തിലെ 8.12 ശതമാനത്തിൽ നിന്നും 8.54 ശതമാനമായി ഉയർന്നു.
- ആസ്തികളിൽ നിന്നുള്ള പ്രതിഫലം 0.19 ശതമാനമായി ഉയർന്നു.

**(ഡി) ആസ്തികളുടെ ഗുണമേന്മയും വായ്പ തിരിച്ചുപിടിക്കലും സംബന്ധിച്ച മാനദണ്ഡങ്ങൾ :**

- മൊത്തം നിഷ്ക്രിയ ആസ്തികളുടെ അനുപാതം 11.84 ശതമാനത്തിൽ നിന്നും (സാ.വ.18 നാലാം പാദം) 11.05% ശതമാനമായി കുറഞ്ഞു.
- പലിശയും നീക്കിയിരിപ്പു തുകയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തിയുടെ അനുപാതം 7.48 ശതമാനത്തിൽ നിന്നും (സാ.വ.18 നാലാം പാദം) 6.91 ശതമാനമായി കുറഞ്ഞു.
- ഈ മൂന്നുമാസ കാലയളവിൽ രൊക്കം പണമായി തിരിച്ചുപിടിച്ച മൊത്തം തുക 3537 കോടി രൂപ.
- വായ്പകളിന്മേലുള്ള നീക്കിയിരിപ്പു തുകയുടെ അനുപാതം കഴിഞ്ഞ വർഷത്തെ 54.52 ശതമാനത്തിൽ നിന്ന് 60.69 ശതമാനമായി ഉയർന്നു.

(ഇ) മറ്റുള്ളവ:

- മൂലധന പര്യാപ്തതാ അനുപാതം കഴിഞ്ഞ വർഷത്തെ 12.61 ശതമാനത്തിൽ നിന്നും 13.00 ശതമാനമായി ഉയർന്നു.
- ശാഖകളുടെ എണ്ണം 6299ഉം എ ടി എമ്മുകളുടെ എണ്ണം 9221 ഉം ആയി.
- ഈ-ഇടപാടുകളുടെ അനുപാതം കഴിഞ്ഞ വർഷത്തെ 70.59 ശതമാനത്തിൽ നിന്നും 76.95ശതമാനമായി ഉയർന്നു.
- 95.95 ലക്ഷം മൊബൈൽ ബാങ്കിങ്ങ് ഉപയോക്താക്കൾ, 50.87 ലക്ഷം നെറ്റ് ബാങ്കിങ്ങ് ഉപയോക്താക്കൾ

## ജൂൺ 2018ൽ അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ വിശദമായി

### എ. 30 ജൂൺ 2017 അപേക്ഷിച്ച് 30 ജൂൺ 2018ലെ ബിസിനസ്സ്:

- ഗ്ലോബൽ ബിസിനസ്സ് 10.96% വളർച്ചയോടെ 828721 കോടി രൂപയിൽ നിന്നും 919526 കോടി രൂപയായി.
- ഗാർഹിക ബിസിനസ്സ് 13.06% വളർച്ചയോടെ 763632 കോടി രൂപയിൽ നിന്നും 863359 കോടി രൂപയായി.
- ഗ്ലോബൽ നിക്ഷേപത്തുക 9.75% വളർച്ചയോടെ 533274 കോടി രൂപ.
- ഗാർഹിക നിക്ഷേപത്തുക 11.62% വളർച്ചയോടെ 448736 കോടി രൂപയിൽ നിന്നും 500866 കോടി രൂപയായി.
- പലിശ കഴിച്ചുള്ള ഗ്ലോബൽ വായ്പാതുക 12.67% വളർച്ചയോടെ 386253 കോടി രൂപ.
- പലിശ കഴിച്ചുള്ള ഗാർഹിക വായ്പാതുക 15.2% വളർച്ചയോടെ 314896 കോടി രൂപയിൽ നിന്നും 362494 കോടി രൂപയായി.
- ഓവർസീസ് ബിസിനസ്സ് മൊത്തം ബിസിനസ്സിന്റെ 6.11%
- 8 വിദേശ ശാഖകളുടെ മൊത്തം ബിസിനസ്സ് 56167 കോടി രൂപ.
- വായ്പാ-നിക്ഷേപ അനുപാതം (ഗ്ലോബൽ) 70.55 ശതമാനത്തിൽ നിന്നും (ജൂൺ 2017) 30 ജൂൺ 2018ന് 72.43 ശതമാനമായി ഉയർന്നു.
- വായ്പാ-നിക്ഷേപ അനുപാതം (ഗാർഹികം) 30 ജൂൺ 2018ന് 72.37 ശതമാനമായി ഉയർന്നു.
- ഇടപാടുകാരുടെ അക്കൗണ്ടുകളുടെ എണ്ണം കഴിഞ്ഞ വർഷത്തെ 7.91 കോടിയിൽ നിന്ന് 8.3 കോടിയായി ഉയർന്നു.

### ബി.നിക്ഷേപങ്ങൾ - കാസ, ചില്ലറ നിക്ഷേപങ്ങളിന്മേൽ ഊന്നൽ

- കാസ നിക്ഷേപങ്ങൾ 9.10% വർഷാ-വർഷ വർദ്ധനയോടുകൂടി 162651 കോടി രൂപയായി ഉയർന്നു.
- കാസയുടെ വിഹിതം (ഗാർഹികം) 32.43%.
- സാവധി ചില്ലറ നിക്ഷേപത്തുക 3.3% വർഷാ-വർഷ വർദ്ധനയോടു കൂടി 214094 കോടി രൂപയായി ഉയർന്നു.
- മൊത്തം ചില്ലറ നിക്ഷേപത്തുകയിൽ സാവധി ചില്ലറ നിക്ഷേപത്തുകയുടെ വിഹിതം 63.26%.

### സി വായ്പകൾ - ചില്ലറ വായ്പകളിന്മേൽ ഊന്നൽ

- മൊത്തം വായ്പകളിൽ ചില്ലറ വായ്പകളുടെ (കൃഷി, തീരെ ചെറിയ, ചെറിയ, ഇടത്തരം ഉദ്യമങ്ങൾ, ഭവനവായ്പകൾ, മറ്റ് ചില്ലറ വായ്പാ പദ്ധതികൾ) വിഹിതം മുൻ വർഷത്തെ 61.82 ശതമാനത്തിൽ നിന്ന് 62.04 ശതമാനമായി ഉയർന്നു.
- മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പകൾ 15.19% വർഷാ-വർഷ വർദ്ധനയോടു കൂടി 187528 കോടി രൂപയായി.
- കൃഷിവായ്പകൾ 11.92% വർഷാ-വർഷ വർദ്ധനയോടു കൂടി 84884 കോടി രൂപയായി.
- തീരെ ചെറിയ, ചെറിയ, ഇടത്തരം ഉദ്യമങ്ങൾക്കുള്ള വായ്പകൾ 10.41% വർഷാ-വർഷ വർദ്ധനയോടു കൂടി 83083 കോടി രൂപയായി.

- ഇടത്തരം, ചെറിയ ഉദ്യമങ്ങൾക്കുള്ള വായ്പകൾ 66139 കോടി രൂപയായി.
- തീരെ ചെറിയ ഉദ്യമങ്ങളുടെ അക്കൗണ്ടുകളുടെ എണ്ണത്തിൽ 3.20% വർദ്ധന.
- മൊത്തം മുൻഗണനാ വായ്പകളുടെ നിർബന്ധിത ലക്ഷ്യം നേടി (എഎൻബിസി മാനദണ്ഡമായ 40 ശതമാനത്തെ അപേക്ഷിച്ച് 53%)
- കൃഷി (എഎൻബിസി മാനദണ്ഡമായ 18 ശതമാനത്തെ അപേക്ഷിച്ച് 23%), നിർദ്ദിഷ്ട ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പകൾ (എഎൻബിസി മാനദണ്ഡമായ 15 ശതമാനത്തെ അപേക്ഷിച്ച് 17%) ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ (എഎൻബിസി മാനദണ്ഡമായ 10 ശതമാനത്തെ അപേക്ഷിച്ച് 13%)
- മഹിളാ ഗുണഭോക്താക്കൾക്കുള്ള വായ്പകൾ 5%ന്റെ മാനദണ്ഡം അപേക്ഷിച്ച് 14%.
- 30.19 ലക്ഷം മഹിളാ ഗുണഭോക്താക്കൾക്ക് 51103 കോടി രൂപയുടെ വായ്പാ സഹായം.
- ചില്ലറ വായ്പകൾ 36.22% വർഷാ-വർഷ വർദ്ധനയോടുകൂടി 82877 കോടി രൂപയായി.
- ഭവന വായ്പകൾ (പ്രത്യക്ഷം) 18.90% വർഷാ-വർഷ വർദ്ധനയോടുകൂടി 29734 കോടി രൂപയായി, വാഹന വായ്പകൾ, മറ്റ് വ്യക്തിഗത വായ്പകൾ എന്നിവയിൽ യഥാക്രമം 28.42% (6973 കോടി രൂപ), 56.23% (23151 കോടി രൂപ) വളർച്ച.
- 2.95 ലക്ഷം വിദ്യാർത്ഥികൾക്ക് വായ്പ നൽകുക വഴി വിദ്യാഭ്യാസ വായ്പകൾ 9.42% വർഷാ-വർഷ വർദ്ധനയോടുകൂടി 8558കോടി രൂപയായി.

## ഡി.സാമ്പത്തിക വർഷം 19ലെ ഒന്നാം പാദത്തിലെ സാമ്പത്തിക പ്രവർത്തനം

- അറ്റലാഭം 11.51% വർഷാ-വർഷ വളർച്ചയോടെ 252 കോടി രൂപയിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 281 കോടി രൂപയായി.
- മൊത്ത ലാഭം 18.65% വർഷാ-വർഷ വളർച്ചയോടെ 2472 കോടി രൂപയിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 2933 കോടി രൂപയായി.
- പലിശയിനത്തിൽ അറ്റാദായം 43.13% വളർച്ചയോടെ 3883 കോടി രൂപ. (സാ.വ.18 ഒന്നാം പാദം 2713 കോടി രൂപ)
- പലിശയിനത്തിലല്ലാത്ത ആദായത്തിൽ 13.07% കുറവ്.
- മൊത്തം ചെലവ് 4.35% വർഷാ-വർഷ വർദ്ധനയോടെ 10260 കോടി രൂപ.
- മൊത്തം വരുമാനം 7.22% വളർച്ചയോടെ 13192 കോടി രൂപ .
- പലിശയുടെ മൊത്തം മാർജിൻ (ഗ്ലോബൽ) 2.34 ശതമാനത്തിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 2.52 ശതമാനമായി ഉയർന്നു.
- പലിശയുടെ മൊത്തം മാർജിൻ (ഗാർഹികം) 2.56 ശതമാനത്തിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 2.75 ശതമാനമായി ഉയർന്നു.
- ധനശേഖരത്തിന്മേലുള്ള വരുമാനം 7.24 ശതമാനത്തിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 7.73 ശതമാനമായി ഉയർന്നു.
- ധനശേഖരത്തിന്മേലുള്ള ചെലവ് 5.32 ശതമാനത്തിൽ നിന്നും (സാ.വ.18 ഒന്നാം പാദം) 5.09 ശതമാനമായി കുറഞ്ഞു.
- ചെലവ്-ആദായ അനുപാതം 48.68%.
- ആസ്തികളിന്മേലുള്ള പ്രതിഫലം 0.19%, ഓഹരികളിന്മേലുള്ള പ്രതിഫലം 4.83%.

## ഇ. മൂലധന പര്യാപ്തത

- ബാസൽ III മാനദണ്ഡങ്ങളനുസരിച്ചുള്ള മൂലധന പര്യാപ്തതാ അനുപാതം ഒരു വർഷം മുമ്പുണ്ടായിരുന്ന 12.61 ശതമാനത്തിൽ നിന്നും 13.00 ശതമാനമായി ഉയർന്നു. (നിയമപ്രകാരമുള്ള മിനിമം അനുപാതം 10.875%)
- സി ഇ റ്റി അനുപാതം 9.35%. ടയർ I അനുപാതം 10.12%
- സർക്കാരിന്റെ ഓഹരി വിഹിതം 72.55%.
- ആസ്തികളുടെ വളർച്ചക്ക് അനുയോജ്യമായ മൂലധന സ്ഥിതി.
- വായ്പകളുടെ അപായ സാധ്യതകൾ കൈകാര്യം ചെയ്യുന്നതിലുള്ള ഉയർന്ന കാര്യക്ഷമത കാരണം മൊത്തം വായ്പകളിൽ അപായ സാദ്ധ്യതയുള്ള ആസ്തികളുടെ അനുപാതം ജൂൺ 2017ൽ 96.60% ആയിരുന്നത് ജൂൺ 30 2018ൽ 88.60 ശതമാനമായി കുറഞ്ഞു.

## എഫ്. ആസ്തികളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ :

- മൊത്തം നിഷ്ക്രിയ ആസ്തികളുടെ അനുപാതം ക്രമാനുഗതമായി കുറഞ്ഞ് 11.05 ശതമാനമായി (മാർച്ച് 2018ൽ 11.84%).
- പലിശയും നീക്കിയിരിപ്പുതുയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തി അനുപാതം മാർച്ച് 2018ലെ 7.48 ശതമാനത്തിൽ നിന്നും 6.91 ശതമാനമായി കുറഞ്ഞു.
- റൊക്കം പണമായി തിരിച്ചുപിടിച്ച വായ്പാ തുക ഈ പാദത്തിൽ 3537 കോടി രൂപ.
- വായ്പകളിന്മേലുള്ള നീക്കിയിരിപ്പു തുകയുടെ അനുപാതം 30 ജൂൺ 2017ലെ 54.52 ശതമാനത്തെ അപേക്ഷിച്ച് (മാർച്ച് 2018ൽ 58.06%) 30 ജൂൺ 2018ൽ 60.60%.

## ജി. പ്രധാൻ മന്ത്രി ജൻ ധൻ യോജന(പി എം ജെ ഡി വൈ):

- പി എം ജെ ഡി വൈ പദ്ധതിയിൽ തുറന്ന 68.41 ലക്ഷം അക്കൗണ്ടുകളിൽ 2031 കോടി കാസാ നിക്ഷേപം സമാഹരിച്ചു.
- 5.36 ലക്ഷം പി എം ജെ ഡി വൈ അക്കൗണ്ട് ഹോൾഡർമാർക്ക് ഇതു വരെ 2.44 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.
- ജില്ല/ബ്ലോക്ക് തലങ്ങളിൽ തുറന്ന 72 സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ (എഫ് എൽ സി) വഴി ഈ മൂന്നു മാസങ്ങളിൽ 3.65 ലക്ഷം വ്യക്തികൾക്ക് അറിവ് പകർന്നു നൽകിയിട്ടുണ്ട്.
- 351.43 ലക്ഷം അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിച്ചതിൽ 41.34 ലക്ഷം പി എം ജെ ഡി വൈ അക്കൗണ്ടുകൾ ആണ്.
- ഇടപാടുകാരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ബാങ്ക് 1800 425 11222 എന്ന ടോൾ-ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്.

## എച്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ :

- ജൂൺ 2018 പ്രകാരം പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (12.67 ലക്ഷം), പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന (36.96 ലക്ഷം) എന്നിവയിൽ ആകെ 49.63 ലക്ഷം അക്കൗണ്ടുകൾ തുറന്നു.
- അടൽ പെൻഷൻ യോജനയിൽ മൊത്തം 1.04 ലക്ഷം അക്കൗണ്ടുകൾ സമാഹരിച്ചു.
- സുകന്യ സമൃദ്ധി യോജനയിൽ മൊത്തം 3285 ലക്ഷം അക്കൗണ്ടുകൾ സമാഹരിച്ചു.

## ഐ.പ്രധാൻ മന്ത്രി മുദ്ര യോജന:

- മുദ്ര യോജനയിൽ മാർച്ച് 2018 പ്രകാരം ബാങ്ക് 1.07 ലക്ഷം അക്കൗണ്ടുകളിൽ 1496 കോടി രൂപ വിതരണം ചെയ്തു.

## ജെ. സാമ്പത്തിക ഉൾപ്പെടുത്തൽ- സമഗ്രമായ സമീപനം:

- 10049 ഗ്രാമങ്ങളിൽ കനറാ ബാങ്ക് ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 894 ഭൗതിക ശാഖകൾ തുറന്നും 2459 ബിസിനസ്സ് കറസ്പോണ്ടന്റ് ഏജന്റുമാരെ നിയോഗിച്ചും, നിശ്ചയിക്കപ്പെട്ട 3962 സബ് സർവീസ് ഏരിയാകളിൽ സേവനം എത്തിച്ചു.
- സാമ്പത്തിക ഉൾപ്പെടുത്തൽ ശാഖകൾ കൂടാതെ തീർത്തും ചെറിയ (അൾട്രാ സ്മോൾ) 470 ശാഖകളും ഇതിനായി പ്രവർത്തിക്കുന്നു.
- സാമ്പത്തിക ഉൾപ്പെടുത്തൽ ശാഖകൾ 18826 കോടി രൂപയുടെ ബിസിനസ്സ് സമാഹരിച്ചു. ഈ ശാഖകളിലെ 4918 കോടി രൂപയുടെ കാസ നിക്ഷേപങ്ങൾ 57.84ശതമാനമാണ്.
- നഗര പ്രദേശങ്ങളിലെ സാമ്പത്തിക ഉൾപ്പെടുത്തലിൽ 18 മൈക്രോ ശാഖകൾ മൊത്തം 618 കോടി രൂപയുടെ ബിസിനസ്സ് സമാഹരിച്ചു.
- ഈ മൂന്നു മാസങ്ങളിൽ തുറന്ന 1.47 ലക്ഷം ബേസിക് സേവിംഗ്സ് ബാങ്ക് ഡിപ്പോസിറ്റ് (ബിഎസ്ബിഡി) അക്കൗണ്ടുകളിൽ 4794 കോടി രൂപയുടെ കാസ നിക്ഷേപങ്ങൾ.
- സാ.വ.19ലെ ഒന്നാം പാദത്തിൽ 12700 സ്വയം സഹായ സമൂഹങ്ങൾ (എസ്എച്ച്ജി) രൂപീകരിക്കപ്പെടുകയും 8289 എസ് എച്ച് ജികൾ 32.04 കോടി രൂപയുടെ വായ്പകളുമായി ബന്ധിപ്പിക്കപ്പെടുകയും ചെയ്തു.

- ബിസിനസ്സ് കറസ്പോണ്ടന്റ് ഏജന്റുമാർ മൊത്തം 615 കോടി രൂപയുടെ 34.75 ലക്ഷം ഇടപാടുകൾ നടത്തി.

**കെ.സമ്പന്നമായ സേവന സരണികളും ഡിജിറ്റൽ കാന്പാടുകളും**

- 8 വിദേശ ശാഖകൾ (ലണ്ടൻ, ലീസെസ്റ്റർ, ജോഹന്നസ്ബർഗ്, ന്യൂയോർക്ക്, ഹോംഗ്കോംഗ്, മനാമ, ഷാങ്ങ്ഹായ്, ദുബായ്) അടക്കം ബാങ്കിന്റെ ശാഖകളുടെ മൊത്തം എണ്ണം 6299 ആയി.
- എ ടി എമ്മുകളുടെ ഏണ്ണം 9221.വിവിധ നഗര ങ്ങളിലായി 184 ഈ-ലൗഞ്ചുകൾ പ്രവർത്തനസജ്ജമാണ്.
- ഡെബിറ്റ് കാർഡുകളുടെ എണ്ണം 4.52 കോടിയും, മൊബൈൽ ബാങ്കിംഗ് ഇടപാടുകാരുടെ എണ്ണം 95.95 ലക്ഷവും നെറ്റ് ബാങ്കിംഗ് ഉപയോക്താക്കളുടെ എണ്ണം 50.87 ലക്ഷവും ആയി ഉയർന്നു. ഒരു വർഷം മുമ്പ് 70.59 ശതമാനമായിരുന്ന ഈ-ഇടപാടുകളുടെ അനുപാതം 76.95ശതമാനമായി വർദ്ധിച്ചു.
- ബിസിനസ്സ് ഉത്തേജിപ്പിക്കാൻ വേണ്ടി ഇടപാടുകാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാനായി 1548ശിഖർ ശാഖകൾ വഴി ശാഖകളുടെ നിർണ്ണായകമായ രൂപമാറ്റം.

**എൽ. പുതു ഉന്പന്നങ്ങളും പ്രധാനപ്പെട്ട കസ്റ്റമർ-സൗഹൃദ ടെക്നോളജി സംരംഭങ്ങളും:**

- പ്രതിദിന എ ടി എം/പി ഒ എസ് ഇടപാട് പരിധി നിശ്ചയിക്കുക, ഡെബിറ്റ് കാർഡ് സ്വിച്ച് ഓൺ/ഓഫ്, ഇൻസ്റ്റന്റ് ഡെബിറ്റ് കാർഡ് പിൻ ജനറേഷൻ (ഗ്രീൻ പിൻ) തുടങ്ങിയ വിവിധ ഡെബിറ്റ് കാർഡ് സേവനങ്ങൾ ഇന്റർനെറ്റ് ബാങ്കിംഗിൽ സക്രിയമാക്കിയിരിക്കുന്നു.
- ഇന്റർനെറ്റ് ബാങ്കിംഗ് വഴി സാമ്പത്തിക ഇടപാടുകൾ നടത്തുവാനായി ഇടപാടുകാർക്ക് സ്വയം ഒ ടി പി ജനറേറ്റ് ചെയ്യാൻ കനറാ ഒ ടി പി (ഓഫ്ലൈൻ) ആപ്പ് ആരംഭിച്ചു.
- കാർഡ് ഹോൾഡറുടെ സ്വന്തം അക്കൗണ്ടുകളിലേക്കും മറ്റുള്ളവരുടെ അക്കൗണ്ടുകളിലേക്കും (കനറാ ബാങ്ക് അക്കൗണ്ടുകൾ) പണം മാറ്റാരും ക്രെഡിറ്റ് കാർഡ് പേമെന്റ് അടക്കാനുമുള്ള സൗകര്യങ്ങളും ഞങ്ങളുടെ എ ടി എമ്മുകളിൽ ലഭ്യമാണ്.
- നെറ്റ് ബാങ്കിംഗ് സൗകര്യം വഴി ആധാർ നമ്പർ തങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധിപ്പിക്കാനും അത് സാധുവാക്കാനുമായി ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗിൽ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.
- ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ്/പ്രീപെയ്ഡ് കാർഡ്/ആർ ആർ ബി ഡെബിറ്റ് കാർഡ് എന്നിവക്ക് പിൻ ജനറേറ്റ്/റീ-ജനറേറ്റ് ചെയ്യാൻ ഗ്രീൻ പിൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.

**സുപ്രധാന മേഖലകൾ : മാർച്ച് 2019**

- റീട്ടെയിൽ ബിസിനസ്സ്, ആസ്തികളുടെ ഗുണമേന്മ, കാര്യക്ഷമത എന്നിവയിന്മേൽ ഊന്നൽ
- ഇടപാടുകൾ വഴിയായി മുഖ്യ പ്രവർത്തന ലാഭം വർദ്ധിപ്പിക്കുക
- കാസ, ചില്ലറ നിക്ഷേപങ്ങൾ എന്നിവയുടെ അനുപാതം വർദ്ധിപ്പിക്കുക
- ചില്ലറ വായ്പകളുടേയും കോർപറേറ്റ് വായ്പകളുടേയും ശരിയായ മിശ്രണം വഴി വായ്പകളുടെ സന്തുലിതമായ വളർച്ച
- നിഷ്ക്രിയ ആസ്തികൾ ഇല്ലാതാക്കുകയും നീക്കിയിരിപ്പു തുകയുടെ അനുപാതം മെച്ചപ്പെടുത്തുകയും ചെയ്യുക
- മൊത്തം പലിശ മാർജിൻ, ആസ്തികളിന്മേലുള്ള പ്രതിഫലം, ഓഹരികളിന്മേലുള്ള പ്രതിഫലം ചെലവ്-ആദായം എന്നീ പ്രവർത്തന സാമ്പത്തിക അനുപാതങ്ങൾ മെച്ചപ്പെടുത്തുക
- മെച്ചപ്പെട്ട സേവനത്തിനും, ചെലവ് കുറക്കുന്നതിനുമായി തുടർന്നും ഡിജിറ്റലൈസേഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കുക

# കനറാ ക്രെഡിറ്റ് കാർഡുകൾ

- ✓ ആഡ് ഓൺ കെഡിറ്റ് കാർഡ് - കുടുംബാംഗങ്ങൾക്ക് 4 വരെ ആഡ് ഓൺ കാർഡുകൾ
- ✓ യൂട്ടിലിറ്റി ബില്ലുകൾ അടക്കൽ - ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് യൂട്ടിലിറ്റി ബില്ലുകൾ അടക്കാവുന്നതാണ്.
- ✓ സൗജന്യ വായ്പ കാലാവധി - 20 മുതൽ 50 ദിവസം വരെ സൗജന്യ വായ്പ കാലാവധി
- ✓ ഇന്ധന സർചാർജ്ജിൽ നിന്ന് ഒഴിവ്- 400 രൂപക്ക് മുകളിലുള്ള ഇടപാടുകളിൽ 5 ശതമാനമോ 100 രൂപ വരെയോ ഇന്ധന സർചാർജ്ജ് ഒഴിവാക്കിയിരിക്കുന്നു.
- ✓ റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം - ബിൽ തുകയുടെ കുറഞ്ഞത് 5% അടക്കുക.
- ✓ റിവാർഡ് പോയിന്റുകൾ - 100 രൂപ ചെലവഴിച്ചാൽ രണ്ട് റിവാർഡ് പോയിന്റുകൾ
- ✓ കൺസീർജ് ചാർജ്ജുകൾ - കനറാ ക്രെഡിറ്റ് കാർഡുകളിൽ ലഭ്യമാണ്.
- ✓ ഓട്ടോമാറ്റിക് പെയ്മെന്റ് - നിശ്ചിത ദിവസം ക്രെഡിറ്റ് കാർഡ് ബില്ലിന്റെ പേമെന്റ് ഓട്ടോമാറ്റിക് ആയി നടക്കും.
- ✓ ഇൻഷൂറൻസ് പരിരക്ഷ - കാർഡ് ഹോൾഡർക്കും ഭാര്യ/ഭർത്താവിനും 8 ലക്ഷം രൂപ വരെ.
- ✓ പണം പിൻവലിക്കാനുള്ള സൗകര്യം- കുറഞ്ഞ സർവീസ് ചാർജ്ജോടു കൂടി പണം പിൻവലിക്കാനുള്ള സൗകര്യം
- ✓ നഷ്ടപ്പെട്ട കാർഡിലെ ബാദ്ധ്യത - കനറാ ക്രെഡിറ്റ് കാർഡുകളിൽ ലഭ്യമാണ്.
- ✓ ക്രെഡിറ്റ് ഷീൽഡ് - കനറാ ക്രെഡിറ്റ് കാർഡുകളിൽ ലഭ്യമാണ്.
- ✓ ഉപയോഗിക്കാതിരിന്നാലുള്ള ഫീസ് -കാർഡ് ഉപയോഗിക്കുന്നില്ലെങ്കിൽ യാതൊരു ചാർജ്ജും ഈടാക്കുന്നതല്ല.

## കൂടുതൽ വിവരങ്ങൾക്കായി നിങ്ങൾക്ക് അക്കൗണ്ടുള്ള ശാഖയെ സമീപിക്കുക.

***ഇടപാടുകാക്ക് 'കനറാ എംസെർവ്' ആപ്പിലെ ഹോട്ട്ലിസ്റ്റ്/ലോസ്റ്റ് ഓപ്ഷൻ ഉപയോഗിച്ച് തങ്ങളുടെ വിസ/മാസ്റ്റർ ക്രെഡിറ്റ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യാവുന്നതാണ്.***

hocancard@canarabank.com ***എന്ന വിലാസത്തിൽ മെയിൽ അയച്ച് സ്ഥിരീകരണം നൽകിയാൽ എ ടി എം സ്വിച്ച് വഴി ക്രെഡിറ്റ് കാർഡ് ഹോട്ട് ലിസ്റ്റ് ചെയ്യാവുന്നതാണ്.***



വ്യത്യസ്തങ്ങളായ നിക്ഷേപ സൗകര്യങ്ങൾ / ഇൻഷ്വറൻസ് / മ്യൂച്ചൽഫണ്ട് സ്കീമുകൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകളിൽ ക്ലിക്കു ചെയ്യുക:

**LIFE INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**HEALTH INSURANCE:**

http://www.canarabank.com/english/health-insurance/

**GENERAL INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**INVESTMENT FACILITIES FOR NRIs:**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**MUTUAL FUNDS:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**DEPOSITORY SERVICES:**

http://www.canarabank.com/english/bank-services/personal-banking/depository-services/

## പ്രവാസി ഭാരതിയർക്കായി മാത്രമുള്ള ഭവന വായ്പാ പദ്ധതി




വിശദ വിവരങ്ങൾക്കായി കാണുക:

**http://www.canarabank.com/english/bank-services/nri-banking/loans-advances/home-loan-for-nris-scheme/**




## നെറ്റ് ബാങ്കിംഗ് സമ്പ്രദായം ഉപയോഗിക്കുന്ന ചെറുകിട ഇടപാടുകാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ

ഞങ്ങളുടെ വെബ്സൈറ്റിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്:
www.canarabank.in

നെറ്റ് ബാങ്കിംഗ് ഡെമോയ്ക്കായി, തുടർന്നു വരുന്ന ലിങ്കിൽ ക്ലിക്കു ചെയ്യുക:
https://www.canarabank.in/English/Scripts/IMBTutorial/home.html

നെറ്റ് ബാങ്കിംഗിന്റെ ചെറുകിട ഇടപാടുകാർക്ക് ഉപഭോക്തൃസേവനം കൂടുതൽ ഫല പ്രദമാക്കുന്നതിലേയ്ക്ക്:

1. **യൂസർ ക്രിയേഷൻ**
2. **റീസെറ്റ്**
3. **അൺലോക്ക്**
4. **ആക്ടിവേറ്റു ചെയ്യുക**
5. **ഇടപാടിനുള്ള പാസ്‌വേർഡ് ഉണ്ടാക്കുക**

**ജനനതീയതിയോ, പാസ്പോർട്ട് വിവരങ്ങളോ രേഖപ്പെടുത്താൻ ദയവായി അക്കൗണ്ട് തുടങ്ങിയ ശാഖയുമായി ബന്ധപ്പെടുക.**

**ഇന്റർനെറ്റ് ബാങ്കിംഗിനെ കുറിച്ചുള്ള എല്ലാ വിവരത്തിനും, ദയവായി ടോൾഫ്രീ നമ്പരായ 1800-425-0018 അല്ലെങ്കിൽ 080- 25129441 ൽ ബന്ധപ്പെടുക**

**ഇ-മെയിൽ: hodbsib@canarabank.com**



### ഇന്റർനെറ്റ് ബാങ്കിംഗ്

# യൂസർ ഐ ഡി എങ്ങിനെ തുറക്കാം ?

- ✓ ലോഗ്-ഇൻ പേജിൽ ' അൺലോക്ക് യൂസർ ഐ ഡി ' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
- ✓ താഴെ കാണിച്ച പ്രകാരം പ്രത്യക്ഷപ്പെടുന്ന സ്ക്രീനിൽ ബന്ധപ്പെട്ട വിവരങ്ങൾ നൽകുക.

**അൺലോക്ക് യൂസർ ഐ ഡി**

| | | |
|---|---|---|
| യൂസർ ഐ ഡി: | | |
| ജനനത്തീയ്യതി : | | (DD/MM/YYYY) |
| പാസ്പോർട്ട് നമ്പർ : | | |
| അക്കൗണ്ട് നമ്പർ : | | ( 13 അക്കങ്ങൾ) |

എല്ലാ ഫീൽഡുകളും നിർബന്ധം

- ✓ എല്ലാ വിവരങ്ങളും നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .
- ✓ ഒ ടി പി നൽകിയ ശേഷം 'സബ്മിറ്റ് ' ബട്ടൻ അമർത്തുക .

*ഇൻസ്റ്റന്റ് റെമിറ്റ് മണി – മദ്ധ്യ-പൗരസ്ത്യ രാജ്യങ്ങളിലെ പാർട്ട്ണർ എക്സ്ചേഞ്ച് കമ്പനികളിൽ നിന്നും ഇന്ത്യയിലെ ഗുണഭോക്താക്കൾക്ക് (കനറാ ബാങ്കിൽ അക്കൗണ്ട് ഉള്ളവർ) യാതൊരു തടസ്സങ്ങളുമില്ലാതെ എത്രയും പെട്ടെന്ന് പണമയക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക വഴി ഇടപാടുകാർക്ക് കൂടുതൽ സംതൃപ്തി നൽകാനായി ഞങ്ങളുടെ ബാങ്ക് ആരംഭിച്ച പുതിയ ഇൻസ്റ്റന്റ് അക്കൗണ്ട് ക്രെഡിറ്റ് സൗകര്യം. നിലവിലുള്ള 'റെമിറ്റ് മണി' സൗകര്യം കൂടാതെ ഗൾഫ് മേഖലയിലെ പ്രവാസികൾക്ക് ഞങ്ങളുടെ ബാങ്കിൽ അക്കൗണ്ട് ഉള്ളവർക്ക് 'ഇൻസ്റ്റന്റ് റെമിറ്റ് മണി' വഴി പണം അയക്കാവുന്നതാണ്. ഇത് തടസ്സങ്ങളില്ലാത്ത വാർത്താവിനിമയ സൗകര്യം വഴി വർഷത്തിൽ 365 ദിവസവും 24 x 7 തൽസമയം പ്രവർത്തിക്കുന്നു.*



പ്രവാസികൾക്ക് ഡി.റ്റി.എ.എ. (ഇരട്ടി നികുതി ഒഴിവാക്കൽ കരാർ) ആനുകൂല്യം ലഭിക്കാനായി താഴെ പറയുന്ന രേഖകൾ നികുതി പിടിച്ച സ്ഥാപനത്തിൽ നൽകേണ്ടതാണ്:

1. വിദേശത്ത് താമസിക്കുന്നതായി ടാക്സ് റെസിഡൻസി സർട്ടിഫിക്കറ്റ് (TRC).
2. പ്രവാസി ഇടപാടുകാരന്റെ പാൻ കാർഡിന്റെ കോപ്പി.
3. പ്രവാസി ഇടപാടുകാരന്റെ അപേക്ഷ
4. സ്വയം പൂരിപ്പിച്ച ഫോറം 10എഫ് (താഴെ പറയുന്ന ലിങ്ക് വഴി ലഭിക്കുന്നതാണ്):

http://www.incometaxindia.gov.in/Forms/Income-Tax%20Rules/103120000000007197.pdf



## സമ്പാദിക്കൂ ശരിയായി
## റിട്ടയർ ചെയ്യൂ ഊർജ്ജസ്വലമായി

Save Right Retire Bright

### പ്രവാസികൾക്ക് വേണ്ടിയുള്ള നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്)

**പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാൻ പ്രവാസികളെ ഭാരതീയ റിസർവ്വ് ബാങ്ക് അനുവദിച്ചിരിക്കുന്നു.**

സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വരിസംഖ്യ നിക്ഷേപിക്കുകയും, മേൽ പറഞ്ഞ വ്യക്തിക്ക് പി.എഫ്.ആർ.ഡി.എ. നിയമ പ്രകാരം നിക്ഷേപിക്കാനും അർഹതയുണ്ടെങ്കിൽ പ്രവാസികൾക്ക് പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി (പി.എഫ്.ആർ.ഡി.എ.) നിയന്ത്രിക്കുന്നതും, നിർവഹിക്കുന്നതുമായ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ വരിക്കാരാകാവുന്നതാണ്.

വരിസംഖ്യ പ്രവാസികൾക്ക് ഒന്നുകിൽ സാധാരണ ബാങ്കിംഗ് മാർഗ്ഗത്തിലൂടെ വിദേശത്ത് നിന്നും അയയ്ക്കുകയോ, അല്ലെങ്കിൽ അവരുടെ എൻ.ആർ.ഇ / എഫ്.സി.എൻ.ആർ/ എൻ.ആർ.ഒ അക്കൗണ്ടിലുള്ള നിക്ഷേപത്തിൽ നിന്നോ അടയ്ക്കാവുന്നതാണ്. വാർഷിക പെൻഷൻ / കരുതൽ ശേഖരം വിദേശത്തേക്ക് അയയ്ക്കുന്നതിന് യാതൊരു നിയന്ത്രണവും ഉണ്ടാകുന്നതല്ല.

**Follow us on : @canarabanktweet**

**Subscribe to our YouTube : CanaraBankOfficial**



*താങ്കളുടെ പണം സുരക്ഷിതമായി താങ്കളുടെ സ്വന്തം ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ഉതകുന്ന രീതിയിൽ വളരെ മെച്ചപ്പെട്ട പലിശ നിരക്കുകൾ താഴെ പറയുന്ന പ്രവാസി നിക്ഷേപങ്ങൾ വഴി നല്കുന്നതാണ്.*

**എഫ്.സി.എൻ.ആർ. നിക്ഷേപനിരക്കുകൾ (വാർഷിക %)***

*(01.08.2018 മുതൽ)*

| നിക്ഷേപ കാലാവധി | CURRENCY OF DEPOSITS | | | | |
|---|---|---|---|---|---|
| | USD | GBP | EUR | CAD | AUD |
| *1 വർഷവും അതിനു മുകളിൽ 2 വർഷത്തിന് താഴെ* | 3.48 | 1.43 | 0.27 | 2.77 | 2.54 |
| *2 വർഷവും അതിനു മുകളിൽ 3 വർഷത്തിന് താഴെ* | 3.68 | 1.63 | 0.36 | 2.89 | 2.63 |
| *3 വർഷവും അതിനു മുകളിൽ 4 വർഷത്തിന് താഴെ* | 3.67 | 1.74 | 0.54 | 2.98 | 2.71 |
| *4 വർഷവും അതിനു മുകളിൽ 5 വർഷത്തിന് താഴെ* | 3.69 | 1.83 | 0.69 | 3.04 | 2.95 |
| *5 വർഷത്തേക്ക് മാത്രം* | 3.70 | 1.90 | 0.84 | 3.08 | 3.04 |

കുറിപ്പ്:മേൽപ്പറഞ്ഞ പലിശ നിരക്കുകൾ ഒരു വില്ല്യൻ യു.എസ്.ഡോളർ താഴെയുള്ള എഫ്.സി.എൻ.ആർ ഡെപ്പോസിറ്റുകൾക്കു (മറ്റു കറൻസികളിൽ തത്തുല്യമായ തുക) മാത്രമേ ബാധകമാകൂ. ഒരു മില്ല്യൻ യു.എസ്.ഡോളർ (മറ്റു കറൻസികളിൽ തത്തുല്യ തുക) മുകളിലുള്ള ഡെപ്പോസിറ്റുകൾക്ക് പലിശ നിരക്കിനായി ഞങ്ങളുടെ ബ്രാഞ്ചുമായി ബന്ധപ്പെടുക.

**എൻ.ആർ.ഇ. (NRE) നിക്ഷേപനിരക്കുകൾ * (04.08.2018 മുതൽ)**

| *നിക്ഷേപ കാലാവധി* | ***Rate of Interest (%)*** | |
|---|---|---|
| *1 വർഷം* | ***Less than Rs.1.00 crore*** | ***Rs.1.00 crore to less than Rs.10 Crore #*** |
| *1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ* | 6.70 | 6.50 |
| *2 വർഷവും അതിന് മുകളിൽ 3 വർഷത്തിൽ താഴെ* | 7.00 | 6.25 |
| *3 വർഷവും അതിന് മുകളിൽ 5 വർഷത്തിൽ താഴെ* | 6.70 | 6.25 |
| *5 വർഷവും അതിന് മുകളിൽ 8 വർഷത്തിൽ താഴെ* | 6.20 | 4.90 |
| *8 വർഷവും അതിന് മുകളിൽ 10 വർഷം വരെ* | 6.20 | 4.90 |
| ***444 ദിവസം (കാനറാ ശിഖർ)* | 6.20 | 4.90 |
| ***555 ദിവസം (കാനറാ ശിഖർ)* | 7.05 | -NA- |
| | 7.10 | -NA- |

1 കോടി രൂപക്ക് മുകളിൽ ഉള്ള നിക്ഷേപങ്ങളുടെ പലിശ വിവരം അറിയുവാൻ ബ്രാഞ്ച് മാനേജറെ സമീപിക്കുക.

| NRE /NRO സേവിങ്സ് ബാങ്ക് നിക്ഷേപനിരക്കുകൾ 01.09.2017 മുതൽ | |
|---|---|
| 50 ലക്ഷം വരെ ബാലൻസ് | 3.50% |
| 50 ലക്ഷത്തിന് മുകളിൽ ബാലൻസ് | 4.00% |

## നോൺ റസിഡന്റ് ഓർഡിനറി (എൻ ആർ ഒ) റുപ്പി സാവധി നിക്ഷേപ നിരക്കുകൾ (04.08.2018 മുതൽ പ്രാബല്യത്തിൽ)

| നിക്ഷേപത്തിന്റെ കാലാവധി | 1 കോടി രൂപയിൽ കുറഞ്ഞത് | 1 കോടി മുതൽ 10 കോടിയിൽ കുറഞ്ഞത് # | |
|---|---|---|---|
| | | (കാലാവധിക്കു മുമ്പ് പിൻവലി-ക്കാവുന്നത്)* | (കാലാവധിക്കു മുമ്പ് പിൻവലി-ക്കാനാവാത്തത്)++ |
| 7 ദിവസം മുതൽ 14 ദിവസം വരെ * | 5.75 | 5.30 | -ബാധകമല്ല- |
| 15ദിവസം മുതൽ 30 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 31 ദിവസം മുതൽ 45 ദിവസം വരെ | 5.75 | 5.30 | -ബാധകമല്ല- |
| 46 ദിവസം മുതൽ 60 ദിവസം വരെ | 6.25 | 6.30 | 6.35 |
| 61 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 6.75 | 6.80 |
| 91 ദിവസം മുതൽ 120 ദിവസം വരെ | 6.25 | 6.75 | 6.80 |
| 121 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.75 | 6.80 |
| 180 ദിവസം മുതൽ 269 ദിവസം വരെ | 6.35 | 6.75 | 6.80 |
| 270 ദിവസം മുതൽ 1 വർഷം വരെ | 6.40 | 6.35 | 6.40 |
| 1 വർഷം മാത്രം | 6.70 | 6.50 | 6.55 |
| 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 7.00 | 6.25 | 6.30 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 6.70 | 6.25 | 6.30 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 6.20 | 4.90 | 4.95 |
| 5 വർഷവും അതിനു മുകളിലും എന്നാൽ 8 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല@ |
| 8 വർഷവും അതിനു മുകളിലും എന്നാൽ 10 വർഷത്തിൽ താഴെ | 6.20 | 4.90 | ക്വോട്ട് ഇല്ല @ |
| 444 ദിവസം (കനറാ ശിഖർ) | 7.05 | -ബാധകമല്ല- | -ബാധകമല്ല- |
| 555 ദിവസം (കനറാ ശിഖർ) | 7.10 | -ബാധകമല്ല- | -ബാധകമല്ല- |

*# 1 കോടി രൂപയോ അതിനു മുകളിലുള്ളതോ ആയ ഒരു വലിയ നിക്ഷേപങ്ങൾക്കുള്ള പലിശയുടെ വിവരങ്ങൾക്കായി ബ്രാഞ്ച് മാനേജരെ സമീപിക്കുക.*

** നിരക്കുകൾ 5 ലക്ഷമോ അതിനു മുകളിലുള്ളതോ ആയ ഒരു നിക്ഷേപങ്ങൾക്കു മാത്രം ബാധകം.*

++ കാലാവധിക്കു മുമ്പ് പിൻവലിക്കാൻ അനുമതിയില്ലാത്ത *ഒരു വലിയ നിക്ഷേപങ്ങൾ*

*@ ബാങ്ക്,കാലാവധിക്ക് മുമ്പ് പിൻവലിക്കാനാവാത്ത 5 വർഷമോ അതിനു മുകളിലുള്ള കാലാവധിയോടു കൂടിയ വലിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നില്ല.*

** ഇവിടെ കൊടുത്തിരിക്കുന്ന നിരക്കുകൾ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. ഏറ്റവും പുതിയ നിരക്കുകൾക്കായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക. (ലിങ്ക്):* http://www.canarabank.com/english/quick-access/interest-rates/deposit-accounts-rates-at-a-quick-glance-as-per-rbi-format/

**കനറാ ബാങ്ക് സ്വയം ഈ-മെയിൽ വഴിയായി യാതൊരു വിവരവും ആവശ്യപ്പെടുന്നതല്ല. അപ്രതീക്ഷിതമായ ഇടങ്ങളിൽ നിന്നും വരുന്ന ഈ-മെയിൽ വഴി പ്രത്യക്ഷപ്പെടുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുരുദ്ദേശപരമായ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ സാമ്പത്തിക വിവരങ്ങൾ ചോർത്തിയെടുക്കാനുള്ള ശ്രമമായേക്കാം.** ബാങ്ക്, ഈ-മെയിൽ/ഫോൺ/മറ്റ് മാദ്ധ്യമങ്ങൾ വഴി നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ഉറപ്പിക്കാൻ ഒരിക്കലും ആവശ്യപ്പെടുകയില്ല. അപ്രകാരമുള്ള സംഭവങ്ങൾ ഉടനടി **reportphishing@canarabank.com;cbgimb@canarabank.com**എന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.

*താങ്കളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും ഹൃദ്യവുമാക്കാനായി കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ളറ്റിൻ പ്രതീക്ഷിക്കുക. താങ്കളുടെ അമൂല്യമായ പ്രതികരണങ്ങളും നിർദ്ദേശങ്ങളും എല്ലായ്പോഴും സ്വാഗതം ചെയ്യുന്നു.*

(*ഈ-മെയിൽ* : nrihub@canarabank.com; nrihelpdesk@canarabank.com)

*ബന്ധപ്പെടാനുള്ള നമ്പർ* – 080 22538565/18004250018

*സമാഹരണം: സെന്റ്രലൈസ്ഡ് എൻ ആർ ഐ ഹബ്ബ്, മാർക്കെറ്റിംഗ് & റീട്ടെയിൽ റിസോഴ്സസ് വിംഗ്, ഹെഡ് ഓഫീസ്, ബാംഗ്ലൂർ*

*ബാദ്ധ്യതാ നിരാകരണം : ഈ ബുള്ളറ്റിന്റെ ഉള്ളടക്കം വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയവയാണ്. ഈ വിവരങ്ങൾ സമാഹരിക്കുമ്പോൾ അവ കൃത്യവും യഥാർത്ഥവുമാണെന്ന് ഉറപ്പു വരുത്താൻ പൂർണ്ണമായും ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ ന്യൂസ് ബുള്ളറ്റിനിൽ കൊടുത്ത നിയമങ്ങളുടെ വ്യാഖ്യാനത്തെ സംബന്ധിച്ചോ ഇതിലെ പിഴവുകളോ വീഴ്ചകളോ സംബന്ധിച്ചോ കനറാ ബാങ്കിന് ഉത്തരവാദിത്വമില്ല.*